**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 815** **17-09-2025 - ൽ മറുപടിയ്ക്ക്**

**സഹകരണ ആശുപത്രി സംഘങ്ങളുടെ അവാർഡ് നിർണയ മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീ. വി.എൻ വാസവൻ (തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | 2023 -2024 കാലയളവിലെ സഹകരണ ആശുപത്രി സംഘങ്ങളുടെ അവാർഡ് നിർണ്ണയത്തിനുള്ള അപേക്ഷ മാനദണ്ഡ ഫോമിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് മാറ്റം വരുത്താൻ ഉണ്ടായ കാരണങ്ങൾ വ്യക്തമാക്കുമോ ; | (എ) | സഹകരണ മേഖലയിലെ മാറ്റത്തിനനുസരിച്ച് സംഘങ്ങളുടെ പ്രവർത്തന മികവ് വിലയിരുത്തുന്നതിനു വേണ്ടി മികച്ച സഹകരണ സംഘങ്ങൾക്ക് അവാർഡ് നിശ്ചയിക്കുന്ന മാനദണ്ഡങ്ങളിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമാണെന്ന് വകുപ്പ് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചത്. |
| (ബി) | അപേക്ഷ മാനദണ്ഡ ഫോമിലെ അപാകതകൾ കാരണം നല്ല രീതിയിൽ പ്രവർത്തിക്കുന്ന ആശുപത്രി സംഘങ്ങൾക്ക് അവാർഡ് നഷ്ടപെടാൻ കാരണമായതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | ശ്രദ്ധയിൽപെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ